## പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ : *56

29.10.2019 ൽ മറുപടിക്ക്

### വ്യവസായവത്കരണം ത്വരിതപ്പെടുത്താൻ നടപടി

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ.പി. ഉണ്ണി<br>ശ്രീ.എസ്.ശർമ്മ<br>ശ്രീ.ബി.ഡി. ദേവസ്സി<br>ശ്രീ.കെ.ജെ. മാക്സി : | | ശ്രീ.ഇ.പി.ജയരാജൻ<br>(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി) |
| (എ) | ദേശീയ പാതയോട് ചേർന്നുള്ള പ്രദേശങ്ങളിൽ സ്വകാര്യ മൂലധനം കൂടി ഉപയോഗപ്പെടുത്തി വ്യവസായ പാർക്കുകളും വ്യവസായശാലകളും സ്ഥാപിച്ച് വ്യവസായവത്ക്കരണം ത്വരിതപ്പെടുത്തുക എന്ന ലക്ഷ്യത്തോടെ ആവിഷ്ക്കരിച്ചിട്ടുള്ള കൊച്ചി - കോയമ്പത്തൂർ വ്യവസായ ഇടനാഴിക്ക് കേന്ദ്ര സർക്കാരിന്റെ അംഗീകാരം ലഭ്യമായ സ്ഥിതിക്ക് തുടർ പ്രവർത്തനം ത്വരിതപ്പെടുത്താൻ നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; | (എ) & (ബി) | സംസ്ഥാനത്ത് സ്വകാര്യ നിക്ഷേപം ആകർഷിക്കുന്നതിന് എറണാകുളം മുതൽ കോയമ്പത്തൂർ വരെയുള്ള എറണാകുളം കോയമ്പത്തൂർ ദേശീയ പാതയിൽ ഉൾപ്പെടുന്ന ജില്ലകളിൽ അനുയോജ്യമായ ഭൂമി കണ്ടെത്തി അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിച്ച് ഒരു വ്യവസായ ഇടനാഴി (കൊച്ചി-ബാംഗ്ലൂർ) സ്ഥാപിക്കുന്നതിന് കേന്ദ്ര സർക്കാരിന്റെ അനുമതി ലഭിച്ചിട്ടുണ്ട്. ഇതു പ്രകാരം എറണാകുളം, തൃശ്ശൂർ, പാലക്കാട് എന്നീ ജില്ലകളിൽ പദ്ധതിക്ക് അനുയോജ്യമായി ലഭ്യമാകുന്ന ഭൂമി കണ്ടെത്തി അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിച്ച് വ്യവസായ ഇടനാഴി സ്ഥാപിക്കുന്നതിനുള്ള പ്രാഥമിക നടപടികൾ ആരംഭിച്ചിട്ടുണ്ട്.പരിസ്ഥിതി സൗഹാർദ്ദപരമായ വ്യവസായങ്ങളെ പ്രോത്സാഹിപ്പിച്ച് സംസ്ഥാനത്ത് നിക്ഷേപവും തൊഴിലവസരങ്ങളും സൃഷ്ടിക്കുക എന്നതാണ് പദ്ധതിയുടെ പരമപ്രധാനമായ ലക്ഷ്യം. |
| (ബി) | പദ്ധതിയുടെ പ്രാഥമിക രൂപരേഖ തയ്യാറായിട്ടുണ്ടോ; പദ്ധതി വിഭാവനം ചെയ്യുന്ന നേട്ടങ്ങൾ എന്തൊക്കെയെന്ന് അറിയിക്കാമോ; | | |
| (സി) | ഫാക്ട് സംസ്ഥാന സർക്കാരിന് സ്ഥലം വിൽക്കാൻ തയ്യാറായ സ്ഥിതിക്ക് കൊച്ചിയിൽ പെട്രോ കെമിക്കൽ പാർക്കും ഫാർമസ്യൂട്ടിക്കൽ പാർക്കും സ്ഥാപിക്കാൻ പ്രാഥമിക പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ; വിശദമാക്കാമോ? | (സി) | കൊച്ചിയിലെ ഫാക്ടിൽ നിന്നും ഏറ്റെടുക്കുന്ന ഭൂമിയിൽ ഒരു പെട്രോ കെമിക്കൽ പാർക്ക് സ്ഥാപിക്കാൻ പദ്ധതിയുണ്ട്. സർക്കാർ ഉത്തരവ് 11.10.2019 തിയതിയിലെ G.O (Rt) No.1022/2019/ID പ്രകാരം 481.79 ഏക്കർ ഭൂമി ഏറ്റെടുക്കുന്നതിന് സർക്കാർ |

| | | | |
|---|---|---|---|
| | | | കിൻഫ്രയ്ക്ക് അനുമതി നല്കിയിട്ടുണ്ട്. ഭൂമി കൈമാറ്റം സംബന്ധിച്ച് കേന്ദ്ര ക്യാബിനറ്റിന്റെ അനുമതി ലഭിച്ചു കഴിഞ്ഞു.<br><br>പ്രസ്തുത പദ്ധതിക്ക് വേണ്ട വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിനായി ഹൈദരാബാദ് ആസ്ഥാനമായ വോയൻറ്സ് കൺസൾട്ടൻസിനെ നിയമിക്കുകയും അവർ കരട് പ്രോജക്ട് റിപ്പോർട്ട് കിൻഫ്രയ്ക്ക് സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതിക്ക് വേണ്ട പാരിസ്ഥിതിക അനുമതി ലഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ പുരോഗമിച്ചു വരുന്നു. |

**സെക്ഷൻ ഓഫീസർ**